# ശലഭങ്ങൾ



# GVHSS POOVACHAL

2022-2025

# ആമുഖം

അക്ഷരങ്ങൾ ചെപ്പിനകത്ത് ഒളിപ്പിച്ചു വെയ്ക്കാനുള്ളവയല്ല.സർഗ്ഗവാസനകളുടെ ബഹിർഗമനങ്ങളായി സാഹിത്യ സൃഷ്ടികളായി അനുവാചക മനസ്സുകളിൽ ചിന്തകൾക്ക് ഇടം നൽകി സ്ഥിരപ്രതിഷ്ഠ നേടേണ്ടവയാണ് അവ അപ്പോഴാണ് ഭാഷാവിഷയങ്ങളിലെ സാഹിത്യപഠനം അർത്ഥവത്താകുന്നത്.പൂവച്ചൽ ഗവ.വൊക്കേഷണൽ ആൻറ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളുടെ അക്ഷരങ്ങളു-ടെ ചെപ്പ് തുറന്നപ്പോൾ കിട്ടിയ മുത്തമണികൾ കോർത്തു കെട്ടിയ രത്നഹാരമാണ് ഈ പുസ്തകം.

പഠനത്തിരിക്കിനിടയിലും ഈ ഉദ്യമത്തിന് ആത്മാർത്ഥ സഹകരണം നൽകിയ സുമനസ്സുകൾക്ക് സ്നേഹാദരങ്ങൾ.

# സന്ദേശം



GOVT V&HSS പൂവച്ചലിലെ ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തോടനുബന്ധിച്ച് ഒരു ഡിജിറ്റൽ മാഗസിന് പുറത്തിറക്കുന്നു.ഒപ്പം വിദ്യാർത്ഥികളുടെ സർഗാത്മകരചനകളോടെ ഈ മാഗസിൻ സമ്പന്നമാവട്ടെ എന്നും ആശംസിക്കുന്നു.അതിനോടൊപ്പം പുതുതലമുറ എന്നെന്നും ഓർമ്മിക്കുന്നഒന്നാവട്ടെ എന്നും എല്ലാ വിധഭാവുകങ്ങളും ലിറ്റിൽ കൈറ്റ്സിന് ഉണ്ടാവട്ടെ എന്നും നേരുന്നു.

സ്നേഹപൂർവം

Shahubanath
Headmistress

# ആശംസ



ഒരു വിദ്യാർത്ഥിയുടെ സാമൂഹിക സാംസ്കാരിക മാനസിക വൈജ്ഞാനിക തലങ്ങളിലുള്ള വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.സാഹിത്യ സൃഷ്ടികൾ എന്നും സമൂഹ നന്മക്ക് സഹായകമാകുന്നുണ്ട്.പൂവച്ചൽ വൊക്കേഷണൽ ഹയർസെക്കൻ്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ "ശലഭങ്ങൾ" എന്ന കൈയെഴുത്ത് മാസികക്ക് ആശംസകൾ നേരുന്നു.

സ്നേഹപൂർവം

Priya.P.B,Principal

# ആശംസ

നമ്മുടെ സ്കൂളിലെ "Little kites"ന്റെ ആഭിമുഖ്യത്തിൽ ഒരുങ്ങുന്ന "ശലഭങ്ങൾ"എന്ന മാഗസിന് എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

എന്ന്,

Little kites Mistress

Sugandhi.N.R

# ആശംസ

എഴുത്തിന്റെയും വരയുടെയും വർണ്ണപ്രപഞ്ചത്തിൽ പാറി നടക്കുന്ന നമ്മുടെ കുട്ടികൾ തയ്യാറാക്കിയ ശലഭങ്ങൾ എന്ന ഡിജിറ്റൽ മാഗസിൻ എന്നും ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒരു അമൂല്യനിധിയാണ് എല്ലാവർക്കും നല്ലൊരു ഭാവി ആശംസിക്കുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ

എന്ന്,

Divya R Nair J
SITC

# എഡിറ്റോറിയൽ

സാഹിത്യവല്ലിയിലെ പുഷ്പങ്ങളിൽ നിന്നും തേൻ നുകരുന്നതാണ് ശലഭങ്ങൾ.സാഹിത്യ-കലാസൃഷ്ടികൾ ഒത്തുചേർന്ന് GVHSS പൂവച്ചലിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഒരു "ശലഭമായി" മാറുന്നു.

എഡിറ്റർ
Irfana Fathima S.V
&
Nasiya Fathima S.N

# Dear Forest...

Trees trees are make
By the gifts of God
A large number of trees
Make a mighty words.

Woods woods are beauty
Animals those are plenty
Song sung by fowls
Sweet those for ears.


Animals run for thatching
Their howling make us rhythming
Sunshine gives it us shining
Mist makes it loving.

I shall go for freshness
In the middle of forests
May i call it splendour
Real God’s own centre.

Do not destroy forests
Keep it as the finest
It will keep you better
Like care from the mother.

# മണ്ടനായ സിംഹം

ഒരിടത്ത് ഒരു സിംഹം ഉണ്ടായിരുന്നു. അത് കാട്ടിലൂടെ വിശന്നു നടക്കുകയായിരുന്നു.അപ്പോഴാണ് ഒരു വേട്ടക്കാരന്റെ കെണിയിൽ അകപെടുന്നത്.രക്ഷിക്കാൻ ആരും വന്നില്ല. കുറച്ച് നേരത്തിനു ശേഷം ഒരു മനുഷ്യൻ അതുവഴി പോവുകയായിരുന്നു. അതു കണ്ട സിംഹം അയാളോട് രക്ഷിക്കാനായി അപേക്ഷിച്ചു.കുറച്ചു ചിന്തിച്ചതിനു ശേഷം അയാൾ സിംഹത്തിനോട് പറഞ്ഞു ഞാൻ നിന്നെ രക്ഷിക്കാം പക്ഷേ നീ എന്നെ



അതിന് ഭക്ഷിക്കരുത്. സിംഹം സമ്മതിച്ചു. അയാൾ കൂട് തുറന്നതും സിംഹം അയാളുടെ നേർക്ക് ചാടി. അപ്പോൾ അതു വഴി ഒരു കുറുക്കൻ വരുകയായിരുന്നു.ഇവരുടെ ബഹളം കേട്ട് കുറുക്കൻ അവരോട് കാര്യം തിരക്കി.അവർ കാര്യം പറഞ്ഞു. ഇത് കേട്ട ശേഷം കുറുക്കൻ കുറച്ചു നേരം ചിന്തിച്ചു.എന്നിട്ട് കുറുക്കൻ പറഞ്ഞു എനിക്ക് ഇവിടെ നടന്ന കാര്യങ്ങൾ നേരിട്ട് കാണണമെന്ന് അവശ്യപ്പെട്ടു.ഇതിനെ തുടർന്ന് സിംഹം ആ കൂട്ടിലേക്ക് കയറുകയും കുറുക്കൻ ആ കൂട് അടക്കുകയും ചെയ്തു.വീണ്ടും സിംഹം ആ കൂട്ടിൽ അകപ്പെട്ടു.കുറുക്കനും മനുഷ്യനും അവിടെ നിന്നും പോയി.ആരും രക്ഷിക്കാൻ വരാതെ സിംഹം തന്റെ തെറ്റിനെ കുറിച്ച് ഓർത്ത് ദുഃഖിച്ചു.

**By**

**Seethal Santhosh**
**and**
**Irfana Fathima S.V**

# ആദ്യാക്ഷരത്തിലെ അമ്മ



അറിവാം വിദ്യാലയത്തിൽ
വിദ്യയായ് എന്നുള്ളിൽ
വാസമുറപ്പിച്ചരാദ്യാക്ഷരം
അറിവായ് നിറവായ്
മനസ്സിൽ
വിളങ്ങുന്ന പൊൻ വിളക്കാം

ജീവാമൃതമായി കുഞ്ഞുനാവിൽ
വിളങ്ങും അമ്മയെന്നുള്ള
അറിവിൻ ആദ്യാക്ഷരം ആ
അറിവിനായ് കാതോർക്കും
നിമിഷങ്ങളിൽ ഞാനറിയാതെ
അറിയുന്ന എന്നറിവിനുറവിടം
അമ്മ തന്നെ
ആദ്യാക്ഷരത്തിലെ അമ്മ തന്നെ





Effects of Cool Drinks

1.Risk of Diabetics
2.Risk of Asthma
3.Risk of Cancer
4.Risk of Obesity
5.Risk of Osteoporosis
6.Risk of Heart Disease
7.Risk of Kidney Problems
8.Risk of Premature Aging
9.Risk of Liver Disease


## അമ്മയും കുഞ്ഞും

അമ്മതൻ സ്നേഹത്താൽ
അമ്മതൻ മടിത്തട്ടിൽ ഇരുന്ന്
അമ്മിഞ്ഞപ്പാൽ നുകരുമ്പോൾ
കുഞ്ഞ് മനസ്സ് പാൽ പുഞ്ചിരി തൂകി
ഈശ്വരനെ അമ്മ കാട്ടിത്തരുമ്പോൾ
സത്യത്തിന്റെ നേർ വഴി കാട്ടി
മുന്നോട്ടുള്ള വഴിയിൽ അമ്മതൻ
കൈപിടിച്ചുയർത്തിനടന്നു

# വായന മരിക്കരുത്



പുതിയ തലമുറയിൽ നിന്ന് വായന അന്യം നിന്ന് പോകുയാണ്. പുത്തൻ സാങ്കേതികയിൽ വീർപ്പുമുട്ടി വായന മൃതപ്രായൻ ആയിരിക്കുന്നു.പുതിയ കാലത്ത് ടെക്നോളജി ആവശ്യമാണെങ്കിലും ആഴത്തിലുള്ള അറിവിന് വായന കൂടിയേ തീരൂ.വായിച്ചു വളർന്നാൽ വിളയും എന്ന കവി വാക്യം ഏറെ പ്രസക്തമാണ്.മുൻകാല മഹത്തുക്കളുടെ വിജയത്തിന്റെ മുഖ്യഘടകമായിരുന്ന അവരുടെ വായന.പരിമിതികൾക്കിടയിൽ പരമാവതി വായിക്കാൻ,അറിവ് നേടാൻ മുൻഗാമികൾ പരിശ്രമിച്ചിരുന്നു. പ്രശസ്തിയുടെ കൊടുമുടികൾ കയറിയ പലരും തിരക്കുകൾക്ക് ഇടയിലും വായനക്ക് സമയം കണ്ടെത്തിയിരുന്നു.വർഷാവർഷം അൻപതും അധിലധികവും പുസ്തകങ്ങൾ വായിച്ചവർ കുറവല്ല.ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ട മഹത്തുക്കളുടെ നേട്ടങ്ങൾ അവരുടെ അതിരില്ലാത്ത വായനയുടെയും അറിവിന്റെയും തെളിവാണ്.അറിവിന്റെ വേരുകൾ തേടിയുള്ള യാത്രയിലെ ഊന്നുവടിയാണ് വായന.വായിച്ചു



**ജന്മാന്തരം**

എണ്ണിത്തുടങ്ങണം
പിറകിൽ നിന്ന് മുന്നോട്ട്
ജന്മാന്തരങ്ങളുടെ കണക്കുകൾ
ജനനത്തിലേക്കും പിന്നെ വാർദ്ധക്യത്തിലേക്കും
എല്ലാം ജനനത്തിൽ തുടങ്ങുന്നു
എല്ലാം മരണത്തിൽ അവസാനിക്കുന്നു
ലക്ഷ്യത്തിൽ തുടങ്ങണം
ഓർമ്മിൽ ആലോചിച്ച് കണ്ടെത്തണം
യാത്രകൾ ആരംഭത്തിൽ തന്നെ
അവസാനിക്കണം
എല്ലാ ഓർമ്മകളും
എല്ലാ കാഴ്ച്ചകളും
അമ്മയിൽ നിന്ന് തുടങ്ങുന്നു



**മയിൽ**

നീല കണ്ണൻ തലയിൽ ചൂടുന്ന
തേൻ പീലിയാണേ
ദേവന്റെ വാഹനം  ഞാൻ തന്നെയാണേ
ഇന്ദ്രന്റെ മിഴികൾ എൻ മിഴികളാണേ

ആതങ്കം നിറഞ്ഞവർക്ക്എന്നെ
കണ്ടാൽ ആനന്ദമാണേ
നാട്ടിൽ ഞാൻ വന്നാൽ മാനവർക്കഥിതി
കാട്ടിൽ ഞാൻ വന്നാൽ കാടിന്റെ റാണി

എൻ കൊക്കിൻ നീളം വേറാർക്കുമില്ല
എൻ കൂജനം വേറാർക്കും പാടാൻ കഴിയില്ല
എൻ നീലംകവർന്ന കിരീടം
കൊത്തൽകിളിയേക്കാൾ അഴകല്ലയോ

# മഴത്തുള്ളികൾ

മധുരമായി പാടുന്ന മഴ
ഓടിതളർന്നു വരുന്ന മഴ
ഇഴച്ചിരച്ച് പാടുന്ന മഴ
രാത്രയിൽ പേടിപ്പിക്കുന്നമഴ
വെള്ളത്തിൽ പതിക്കുന്ന മഴ
വെള്ളത്തുള്ളികൾ പാടുന്ന മഴ
തുള്ളിച്ചാടി രസിക്കുന്ന മഴ
ആകാശത്തുനിന്ന് വരുന്ന മഴ
ഭ്രമിയിൽ പതിച്ചു ചിതരുന്ന മഴ
നിർത്തമാടി രസിക്കുന്ന മഴ

